"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പട്ടം -മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 36/2012 നമ്പർ കേസ് - 09/11/2024-ലെ ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1487/2025/LSGD തീയതി, തിരുവനന്തപുരം, 18-06-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 27/08/2024-ലെ എ3/103/2012/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26/11/2024 തീയതിയിലെ കെ1-173329/19 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 56/2025/തസ്വഭവ, തീയതി, 06/01/2025.
4. സ.ഉ.(സാധാ) നം. 4115/2025/ധന, തീയതി, 06/05/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ 0.50 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.36/2012 നമ്പർ കേസിലെ 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 48,84,960/- രൂപ (നാല്പത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 36/2012 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 48,84,960/- രൂപ (നാല്പത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മനു & ശ്രീ. മഹേഷ് എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 48,85,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും

അടിസ്ഥാനത്തിൽ പട്ടം - മെഡിക്കൽ കോളേജ് - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വെ നം. 229/1 (Re.Sy. No. 190)-ൽ ഉൾപ്പെട്ടതും ശ്രീ മനു & ശ്രീ. മഹേഷ് എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.50 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 36/2012 നമ്പർ കേസിലെ 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 48,84,960/- രൂപ (നാല്പത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. മനു & ശ്രീ. മഹേഷ് എന്നിവർക്ക് അനുവദിക്കുന്നതിന് 4217-60-800-93 Payment of compensation in LAR Cases (Plan) എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. മനു, S/o ഗോപാലൻ, റ്റി.സി.2/1068-1, പുത്തൻവിളാകം പുരയിടം, പട്ടം, തിരുവനന്തപുരം.
(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. മഹേഷ്, S/o ഗോപാലൻ, റ്റി.സി.2/1068-1, പുത്തൻവിളാകം പുരയിടം, പട്ടം, തിരുവനന്തപുരം.
(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/24/2025/FIN. dated 20.05.2025).
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/123/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 18-06-2025 13:52:02

സെക്ഷൻ ഓഫീസർ